പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 523 27-9-2011 —ൽ മറുപടിക്ക്

## വ്യവസായ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ.എം. ഷാജി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചത് എന്നാണ്; കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിന് എന്നാണ് ലക്ഷ്യമിട്ടിരുന്നത്; | (എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ വകുപ്പിൽ 1998-ലാണ് കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി കയർ വികസന ഡയറക്ടറേറ്റിൽ 2000-2001 മുതലും, മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റിൽ 2000 മുതലും, ജില്ലാ ആഫീസുകളിൽ 2003 മുതലും കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിൽ 2002-2003 വർഷം മുതലും കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചു. ഓരോ വകുപ്പിലും ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി വരികയാണ്. |
| (ബി) നേരത്തെ ആരംഭിച്ച കമ്പ്യൂട്ടർവൽക്കരണം ഇടയ്ക്ക് മന്ദഗതിയിലാവാൻ കാരണമെന്ത്; | (ബി) കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിൽ വലിയ തോതിലുള്ള കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കമ്പ്യൂട്ടർ വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെയും ഫണ്ടിന്റേയും അഭാവം നിമിത്തം കയർ വകുപ്പിൽ ഇക്കാര്യത്തിൽ ചെറിയ തോതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (സി) വ്യവസായ ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള പ്രധാന സ്ഥാപനങ്ങളിൽ പോലും നാളിതുവരെയും കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കാത്തതിനാൽ ഇത് സത്വരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | (സി) വ്യവസായ ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള പ്രധാന സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം സത്വരമായി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

27/9/11